# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നാനോ വ്യവസായ സംരംഭങ്ങൾ

4 (*454) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയുടെ കാര്യത്തിൽ നാനോ വ്യവസായ സംരംഭങ്ങളുടെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയുടെ കാര്യത്തിൽ നാനോ വ്യവസായ സംരംഭങ്ങളുടെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ട്. നിലവിൽ നാനോ വ്യവസായ സംരംഭങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി നാനോ-ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി (Scheme for interest Subvention to Nano Household Units), ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് പദ്ധതി (Scheme for margin Money Grant to nano units) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിവഴി 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനനിക്ഷേപമുള്ളതും 5 എച്ച്.പി.-വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട് വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉത്പാദക, ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്നും നേടുന്ന ടേം വായ്പയുടെ വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിലൂടെ ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിലുൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുംവരെ പരമാവധി ഗ്രാന്റായി നൽകുന്നുണ്ട്.

(ബി) സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും സാമൂഹിക ചുറ്റുപാടും പരിഗണിക്കുമ്പോൾ നാനോ വ്യവസായ സംരംഭകത്വത്തിന് എന്തെല്ലാം അനുകൂല ഘടകങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും സാമൂഹിക ചുറ്റുപാടും പരിഗണിക്കുമ്പോൾ നാനോ വ്യവസായ സംരംഭകത്വത്തിന് വളരെ അനുകൂലമായ സാധ്യതകളാണുള്ളത്. വീടുകളുമായി ചേർന്ന് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സംരംഭകരുടെ താല്പര്യം, ഇത്തരത്തിലുള്ള നാനോ സംരംഭങ്ങൾ കൂടുതൽ ആരംഭിക്കുന്നതിന് കാരണമാകുന്നുണ്ട്. ചെറിയ നിക്ഷേപത്തിൽ പരിസ്ഥിതിക്ക് ഹാനികരമില്ലാതെ ആരംഭിക്കാൻ കഴിയുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളായതിനാൽ കുറഞ്ഞ റിസ്കിൽ ഇത്തരം സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. നാനോ സംരംഭങ്ങൾക്കുള്ള ലൈസൻസ് നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുള്ളതിനാൽ വളരെ വേഗം ഇത്തരം സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്നു. കുടുംബത്തോട് ചേർന്ന് ആരംഭിക്കാൻ കഴിയുന്നതിനാൽ കുടുംബാംഗങ്ങളുടെ സഹായവും ലഭിക്കുന്നു. നിക്ഷേപവും മറ്റ് ആവർത്തന ചെലവുകളും കുറവായതിനാൽ വിജയ സാദ്ധ്യത കൂടുതലാണ്. നാനോ സംരംഭങ്ങൾവഴി നമ്മുടെ സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വളർത്തി യെടുക്കുന്നതിനും അടുത്ത തലമുറയ്ക്ക് സംരംഭകത്വബോധം ജനിപ്പിക്കുന്നതിനും കഴിയുന്നുണ്ട്.

(സി) നാനോ വ്യവസായ സംരംഭങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

നാനോ വ്യവസായ സംരംഭങ്ങളെ സഹായിക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റുവഴി നടപ്പിലാക്കുന്ന പദ്ധതികളിലെല്ലാം വനിതകൾക്ക് പ്രത്യേക പ്രാധാന്യം നൽകിവരുന്നുണ്ട്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ നിശ്ചിത ശതമാനം സബ്സിഡിയായി തിരികെ നൽകുന്നുണ്ട്. സാധാരണ വിഭാഗത്തിന് ഇത് 6% ആണ്. എന്നാൽ വനിതകൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്. കൂടാതെ ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതിയിലും വനിതകൾക്ക് മുൻഗണന നൽകുന്നുണ്ട്. ഈ പദ്ധതിയിൽ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കുമെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ പദ്ധതിയിലൂടെ നൽകുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും വനിതകൾ ഉൾപ്പെട്ട മുൻഗണനാ വിഭാഗത്തിലുൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയുമാണ്. എസ്.സി/എസ്.ടി/ വനിതകൾ / വിമുക്തഭടന്മാർ/ 40 വയസ്സുവരെയുള്ള യുവസംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാന്റ് ആകെ പ്രോജക്ട് ചെലവിന്റെ

LIBRARY ARCHIVES Kerala Legislative Assembly

40 ശതമാനവും പ്രൊമോട്ടർമാരുടെ സംഭാവന കുറഞ്ഞത് 20 ശതമാനവുമായിരിക്കും. കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേയ്ക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി. മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ വി മിഷൻ. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ് വർക്കിംഗ് മീറ്റിംഗുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിനുമുമ്പിൽ പ്രദർശിപ്പിക്കുന്നതിനും, സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻവഴി കെ.എസ്.ഐ.ഡി.സി. ചെയ്തുവരുന്നത്. സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിങ്)/I.T, Software/Service ബിസിനസ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ് വിപുലീകരണത്തിനോ ആധുനികവത്കരണത്തിനോ വൈവിദ്ധ്യവത്കരണത്തിനോവേണ്ടി കെ.എസ്.ഐ.ഡി.സി. ഒരു ഹ്രസ്വകാല വായ്പാപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

1. വായ്പാ പദ്ധതിക്ക് അപേക്ഷ നൽകുന്ന സംരംഭം സ്ത്രീ സംരംഭകയുടെ സ്വന്തം ഉടമസ്ഥതയിലുള്ള സ്വകാര്യ സ്ഥാപനമോ, പങ്കാളിത്ത സ്ഥാപനമോ, സ്വകാര്യ കമ്പനിയോ ആകാവുന്നതാണ്. വ്യവസായത്തിന്റെ ആരംഭം മുതൽ 50% കൂടുതൽ ഉടമസ്ഥത സ്ത്രീ സംരംഭകർക്കായിരിക്കണം. യൂണിറ്റ് കഴിഞ്ഞ ഒരു വർഷമായി പ്രവർത്തനക്ഷമമായിട്ടുള്ളതും കഴിഞ്ഞ വർഷത്തെ ആകെ വില്പനയുടെ ശരാശരി ഏറ്റവും കുറഞ്ഞത് 10 ലക്ഷം രൂപയും ആയിരിക്കണം. വായ്പയുടെ പരിധി ആവശ്യമായ മൊത്തനിക്ഷേപത്തിന്റെ 80 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. പുതിയതായി ആരംഭിക്കുന്ന വ്യവസായമാണെങ്കിൽ മൊത്തം പ്രോജക്ട് കോസ്റ്റിന്റെ 50% കെ.എസ്.ഐ.ഡി.സി ലോണായി നൽകുന്നതാണ്.

2. പലിശ നിരക്ക് 7.5% ആയിരിക്കും. കൂട്ടുപലിശ കണക്കാക്കുന്നത് ത്രൈമാസ അടിസ്ഥാനത്തിലായിരിക്കും. വായ്പാ കാലാവധി പരമാവധി 5-6 വർഷമായിരിക്കും. ഇതിൽ വായ്പാനുമതിക്ക് ശേഷമുള്ള 6 മാസം അല്ലെങ്കിൽ പദ്ധതി നിർവ്വഹണം ഇതിൽ ഏതാണോ ആദ്യം, അത് നിയമപരമായ അവധി (മൊറട്ടോറിയം) യായി കണക്കാക്കും.

(ഡി) നാനോ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി മറ്റെന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി നാനോ-ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി (Scheme for interest Subvention to Nano Household Units) ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി (Scheme for Margin Money Grant to Nano Units) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കോവിഡ് സാഹചര്യത്തിൽ ഈ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്ന വ്യവസായ സമാശ്വാസ പദ്ധതിയിൽ മേൽപ്പറയുന്ന രണ്ട് പദ്ധതിയിലും കൂടുതൽ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ടി പദ്ധതികൾക്ക് 15 കോടി രൂപ അധികമായി പ്രഖ്യാപിച്ചിട്ടുമുണ്ട്. ഇത്തരത്തിൽ നാനോ വ്യവസായ സംരംഭങ്ങളെ കൂടുതലായി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. കൂടാതെ നാനോ ഗാർഹിക സംരംഭങ്ങൾ ഉൾപ്പെടെയുള്ള സൂക്ഷ്മ സംരംഭകരുടെ ഉത്പന്നങ്ങൾ വിപണനം നടത്തുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ " Open Marketing Network for Micro and House Hold Enterprises" എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന മറ്റൊരു ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരേക്കാൾ അവരെ തൊഴിൽദാതാക്കളാക്കുകയും ചെയ്യുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാര യോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് ഇരുപത്തഞ്ചു ലക്ഷം രൂപവരെ മൂലധന സഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറ് ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധനസഹായമായി നൽകിവരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 117 യുവസംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉത്പന്നം/ സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചായോഗങ്ങളും നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly